LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) പട്ടയം നൽകുന്നത് സംബന്ധിച്ച് പൊതുവായ ഉത്തരവുകൾ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് കസ്തൂരിരംഗൻ ശിപാർശകളുമായി ബന്ധമില്ല.

(സി) പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പശ്ചിമഘട്ട മേഖലയിലെ ജനതയെ സാരമായി ബാധിക്കുന്ന ഒരു നടപടിയും കസ്തൂരിരംഗൻ ശിപാർശകളിൽ ഉൾക്കൊള്ളുന്നില്ല. അത്തരം നടപടികൾ കൈക്കൊള്ളില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്നതൊന്നും പശ്ചിമഘട്ട സംരക്ഷണ നടപടികളിൽ ഇല്ല.

കാലാവസ്ഥാ വ്യതിയാനം

209 (4544) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാലാവസ്ഥാവ്യതിയാനംമൂലം ഉണ്ടാകുന്ന ദോഷഫലങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

കാലാവസ്ഥാ വ്യതിയാനം ഒരു ആഗോള പ്രതിഭാസമാണ്. വിവിധ തലങ്ങളിൽ ഇതു സംബന്ധിച്ച പഠനങ്ങൾ നടന്നുവരുന്നു. സംസ്ഥാന തലത്തിൽ സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി (SAPCC) തയ്യാറാക്കിയിട്ടുണ്ട്.

കേരളത്തിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ഗവേഷണങ്ങൾക്കും പഠനങ്ങൾക്കുമായി കോട്ടയം ആസ്ഥാനമായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം (ICCS) എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പകർച്ചവ്യാധികളെക്കുറിച്ച് കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പഠനം നടത്തുവാനായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് പരിസ്ഥിതി വകുപ്പിൽനിന്ന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് കീഴിൽ നടന്നു വരുന്ന പഠനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

i. 37 പൊതുമേഖലാ സ്ഥാപനങ്ങളിലെ കാർബൺ ബഹിർഗമനം സംബന്ധിച്ച് ഓട്ടോടാക്ഷൻ എന്ന കമ്പനി നടത്തിയ പഠനം.

ii. കേരളത്തിലെ പശ്ചിമഘട്ടത്തിലെ ഭൂവിനിയോഗം മുഖാന്തരമുള്ള കാർബൺ ആഗീകരണം സംബന്ധിച്ച CWRDM-ന്റെ പഠനം.

iii. കേരളത്തിലെ തീരദേശ ആവാസ വ്യവസ്ഥയിലെ കാർബണിന്റെ സംഭരണ ശേഷിയും വ്യതിയാനവും ഹരിതഗൃഹ വാതകങ്ങളുടെ നിർഗ്ഗമനത്തേയും കറിച്ച് കുസാറ്റ് നടത്തുന്ന പഠനം.

iv. കേരളത്തിലെ സമുദ്ര തീരങ്ങളിലെ കടൽ വിതാനം ഉയരുന്നതിനെ സംബന്ധിച്ച് NCESS നടത്തുന്ന പഠനം.

v. സി.എസ്.ഐ.ആർ. സ്ഥാപനമായ ബാംഗ്ലൂരിലെ CMMACS നടത്തുന്ന, കേരളത്തിലെ ഭാവി കാലാവസ്ഥാ വ്യതിയാനം മുൻകൂട്ടി തിട്ടപ്പെടുത്തുന്നതിനുള്ള പഠനം.

vi. കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ കാർബൺ ഫുട്ട് പ്രിന്റ് കണക്കാക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ നടത്തിയ പഠനം.

വാഹനങ്ങളുടെ വാടകക്കുടിശ്ശിക

210 (4545) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ആവശ്യത്തിനായി എത്ര വാഹനങ്ങൾ വാടകയ്ക്ക് എടുത്തിരുന്നു, വാടകയിനത്തിൽ എത്ര രൂപ ചെലവായി എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) വാഹനങ്ങൾ വാടകയ്ക്ക് എടുത്ത വകയിൽ വാഹന ഉടമകൾക്ക് വാടക പൂർണമായും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) വാടകക്കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 35-ാം ദേശീയ ഗെയിംസിൽ പങ്കെടുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ എത്തിച്ചേരുന്ന കായിക താരങ്ങൾക്കും ഒഫീഷ്യൽസിനും യാത്രാ സൗകര്യം ഒരുക്കുന്നതിനായി 597 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly